# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5244. 06.02.2014 ൽ മറുപടിയ്ക്ക്.

### <u>സ്വകാര്യ ബസ്സ് സർവ്വീസ്</u>

| | ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തിവരുന്നുണ്ട് ; | (എ) | 15014 |
| (ബി) | ഇതിൽ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നീ വിഭാഗങ്ങളിൽ ആയി എത്ര ബസ്സുകൾ ഉണ്ട് ; | (ബി) | ഓർഡിനറി 13016<br>ലിമിറ്റഡ് സ്റ്റോപ്പ് 1723<br>ഫാസ്റ്റ് പാസഞ്ചർ 182<br>സൂപ്പർ ഫാസ്റ്റ് 80<br>സൂപ്പർ ഡീലക്സ് 09<br>സൂപ്പർ എക്സ്പ്രസ്സ് 03<br>എക്സ്പ്രസ്സ് 01 |
| (സി) | സൂപ്പർ ഫാസ്റ്റ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ; | (സി) | നിയമാനുസൃതമായ അപേക്ഷകളിന്മേൽ, 150 കി.മീറ്ററിനും 450 കി. മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ, നിലവിലുള്ള സർക്കാർ വിജ്ഞാപനങ്ങൾക്കും 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 80, 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 2 (യു.സി), ചട്ടം 260 (എ) എന്നിവ പ്രകാരമാണ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നല്കുന്നത്. ഇങ്ങനെ കൊടുക്കുന്ന പെർമിറ്റ് അന്തർ ജില്ലാ പെർമിറ്റാണെങ്കിൽ |

| | | | |
|---|---|---|---|
| | | | അതാത്തു ആർ.ടി.എ. യുടെ പരിധിയിലെ റൂട്ട് ഭാഗങ്ങൾക്ക് അനുമതി ലഭിച്ചിരിക്കേണ്ട-താണ്. കേരള മോട്ടോർ വാഹന നിയമത്തിലെ റൂൾ 260 (എ) അനുസരിച്ച് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് കൊടുക്കുന്ന ബസ്സുകൾക്ക് 5 വർഷത്തിലേറെ രജിസ്ട്രേഷൻ പഴക്കം ഉണ്ടാകുവാൻ പാടില്ല . |
| (ഡി) | ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ സൂപ്പർ ഫാസ്റ്റ് ബോർഡ് വെച്ച് യാത്രക്കാരിൽ നിന്നും അന്യായമായി അധികചാർജ് ഈടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. പരാതിയ്ക്ക് ആധാരമായ ബസുകൾക്കെതിരെ അന്വേഷണം നടത്തുകയും അധിക ചാർജ് ഈടാക്കിയവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. തുടർന്നും പരിശോധന കർശനമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.